# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

IT

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3729 24.06.2014 ൽ മറുപടിക്ക്

**ട്രെയിൻയാത്രയിലെ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ:.<br>" എ. പ്രദീപ് കുമാർ:<br>ഡോ. കെ.ടി. ജലീൽ:<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ തീവണ്ടിയാത്രയുടെ സുരക്ഷിതത്വം സംബന്ധിച്ചുള്ള ഹൈക്കോടതിയുടെ വിമർശനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | തീവണ്ടിയാത്രക്കാർക്ക് നിരന്തരം അപകടങ്ങളും പീഡനങ്ങളും ഉണ്ടാകുന്നത് തടയാൻ സാധിക്കാത്തതിനെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. ട്രെയിൻ യാത്രക്കാരുടെ സുരക്ഷ പൂർണ്ണമായി ഉറപ്പാക്കാനായി താഴെപ്പറയുന്ന പ്രധാന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>1. എല്ലാ ദിവസവും രാത്രിയോടുന്ന 53 ട്രെയിനുകളിൽ ആർ.പി.എഫ്. എക്സ്കോർട്ട് നല്കുന്നുണ്ട്.<br>2. സ്ത്രീയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ വൈകിട്ട് 6 മണിക്കും രാവിലെ 6 മണിക്കുമിടയ്ക്ക് പാസഞ്ചർ ട്രെയിനുകളിലെ ലേഡീസ് കോച്ചുകളിലും ആർ.പി.എഫ് വിമൻ എസ്.ഐ മാരേയും കോൺസ്റ്റബിൾ മാരേയും നിയോഗിക്കുന്നുണ്ട്.<br>3. എസ്കോർട്ട് ഡ്യൂട്ടി ശക്തമാക്കാൻ എസ്.ഐ/എ.എസ്.ഐ റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നുണ്ട്.<br>4. ട്രെയിനിന്റെ തുടക്കസ്റ്റേഷനിലും ഇടയ്ക്കുള്ള സ്റ്റേഷനുകളിലും അവസാന സ്റ്റേഷനിലും പ്ലാറ്റ് ഫോമുകളിൽ ഡ്യൂട്ടിയിലുള്ള ആർ,പി.എഫ്, ലേഡിസ് കോച്ചുകൾ നിരീക്ഷിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 5. യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ വൈകിട്ട് 6 മണിക്കും രാവിലെ 6 മണിക്കുമിടയ്ക്ക് പാസഞ്ചർ ട്രെയിനകൾക്ക് ആർ.പി.എഫ് എസ്കോർട്ട് നൽകാറുണ്ട്.<br>6. ജി.ആർ.പി, ആർ.പി.എഫ് റെയിൽവേ കമ്മേഷ്യൽ എന്നിവർ ചേർന്ന് സ്ഥിരമായി combing operation നടത്തി ട്രെയിനുകളിലും റെയിൽവേ പരിസരങ്ങളിലും സുരക്ഷ ഉറപ്പാക്കുന്നുണ്ട്.<br>7. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയാൻ ട്രെയിനുകളിൽ സ്ഥിരമായി പരിശോധനകൾ നടത്തി മദ്യപന്മാർക്കും മറ്റ് സാമൂഹ്യവിരുദ്ധർക്കുമെതിരെ റെയിൽവേ നിയമം വകുപ്പ് 145(a)പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്.<br>8. യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ Operation Octopus എന്ന പ്രത്യേക സുരക്ഷാ പരിപാടി റെയിൽവേ ജി.ആർ.പിയുമായി ചേർന്ന് നടത്തി വരുന്നു.<br>9. ആർ.പി.എഫ് ഹെൽപ്പ് ലൈൻ 9995040000 റെയിൽ അലർട്ട് 9846200100 എന്നീ നമ്പരുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു. ഈ നമ്പരുകൾ എല്ലാ ട്രെയിൻ കോച്ചുകളിലും വിശിഷ്യാ എല്ലാ ലേഡീസ് കോച്ചുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.<br>10 യാത്രക്കാർക്ക് സുരക്ഷയെ കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ